## സുകൂനുള്ള നൂനും തൻവീനും

സുകൂനുള്ള നൂൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് نْ നെയാണ്. عَـنْ ، مِـنْ، أنْ، إنْ എന്നിവ ഉദാഹരണം. തൻവീൻ കൊണ്ട് ഉദ്ദേശിക്കുന്നത് ــًــٍــٌ നെയാണ്. ഇവ ഖുർആനിൽ ധാരാളം കാണാം. ഉദാഹരണം- إِمَام ،كِتَابٌ، كِتَابًا، إِمَامًا സുകൂനുള്ള നൂനും തൻവീനും ഒരേ രീതിയിലാണ് ഉച്ചരിക്കുക. അവയ്ക്ക് ശേഷം വരുന്ന അക്ഷരങ്ങളുടെ വ്യത്യാസമനുസരിച്ച് 5 നിയമങ്ങളുണ്ട്. അവ യഥാക്രമം- إِظْهَار، إِخْفَاء، إِقْلَاب، إِدْغَام بِغُنَّة، إِدغَام بِلا غُنَّة (ഇള്ഹാറ്, ഇഖ്ഫാഅ്, ഇഖ്ലാബ്, ഇദ്ഗാം ബിഗുന്ന, ഇദ്ഗാം ബിലാഗുന്ന) എന്നിവയാണവ. അവയെ ലഘുവായി പരിചയപ്പെടുക.

### ഇള്ഹാർ إِظْهَار (വെളിവാക്കൽ)

വെളിവാക്കുകയെന്നാണ് ഇള്ഹാർ കൊണ്ട് അർഥമാക്കുന്നത്. ഹൽഖിന്റെ അക്ഷരങ്ങളായ ء، هـ، ع، ح، غ، خ എന്നിവ സുകൂനായ നൂനിനോ തൻവീനിനോ ശേഷം വന്നാൽ തൻവീനിനെയും നൂനിനെയും മണിക്കാതെയും കട്ടി കൂട്ടാതെയും വെളിവാക്കി പാരായണം ചെയ്യണം. ഉദാഹരണം:

| സുകൂൻ ഉള്ള നൂൻ | തൻവീൻ ഉള്ള അക്ഷരങ്ങൾ |
|---|---|
| مِنْ أَيِّ شَيْءٍ خَلَقَهُ | رَسُولٌ أَمِين |
| مَنْ هَاجَرَ إِلَيْهِمْ | قَائِمٌ عَلَى |
| تُسْقى مِنْ عَيْنٍ | لِرَسُولٍ أَنْ |
| فَنُزُلٌ مِّنْ حَمِيم | غَفُورٌ حَلِيم |
| مِنْ غِسْلِين | قِرَدَةً خَاسِئِين |
| وَلِمَنْ خَاف | عَزِيزٌ حَكِيم |

സാകിനായ മീമി مِيم നു ശേഷം ബാ (بَاء) ഉം مِيم ഉം ഒഴിച്ചുള്ള മറ്റ് ഏതക്ഷരം വന്നാലും مِيم നെ വ്യക്തമാക്കി ഓതണം. ഉദാഹരണം- كُنْتُم خَيْرَ أُمَّة . കുൻതും ഖൈറു ഉമ്മതിൽ എന്നതിലെ മീമിനെ ശരിയായ രീതിയിൽ ഉച്ചരിച്ചുവേണം പാരായണം ചെയ്യുവാൻ.

ഉദാഹരണങ്ങൾ- كُنْتُم تَكْفُرُن / شَفاعَتهم شَيْئًا / أَيْدِهِم أفَلا / وَعِصِيُّهُم يُخَيَّلُ

നേരത്തെ ഒരുതരം ഇരട്ടിപ്പിക്കലിനെ സംബന്ധിച്ച് പറയുകയുണ്ടായി. മറ്റൊരു കാര്യം കൂടി സൂചിപ്പിക്കട്ടെ. സുകൂൻ ഉള്ള مِـيم ന് ശേഷം മറ്റൊരു مِـيم വന്നാൽ അതിനെ ഇരട്ടിയാക്കി ഉച്ചരിക്കണം. ഉദാ- يُخْرِجَكم مِّن أَرْضِكُم . ഇവിടെ രണ്ട് മീമുകൾ അടുത്തു വന്നത് ശ്രദ്ധിച്ചല്ലോ. ഇവയെ ഒറ്റ മീമായി കട്ടി കൂട്ടി ഉച്ചരിക്കുകയാണ് വേണ്ടത്.

ഉദാഹരണങ്ങൾ- / عَنْهُم مَّا كَانُوا / مِنْكُم مَّرْضى / جَزَائُهم مّغفِرَة / فَأَنْقَذَكُم مِّنْهَا

### ഇഖ്ഫാഅ് إِخْفَاء (അവ്യക്താമക്കൽ)

അവ്യക്തമാക്കുക, മറച്ചുവെക്കുക എന്നൊക്കെയാണ് ഇഖ്ഫാഅ് എന്ന വാക്കിന്റെ അർഥം. സുകൂൻ ഉള്ള നൂനിനെയും തൻവീനിനെയും മണിച്ച് മറിച്ച് ഓതുകയാണ് വേണ്ടത്. പതിനഞ്ച് അക്ഷരങ്ങളാണ് ഇഖ്ഫാഇന്റെത്. അവ യഥാക്രമം: ت، ث، د، ذ، ج، ز، س، ش، ط، ظ، ص، ض، ف، ق، ك

സാകിനായ നൂനിനും തൻവീനിനും ശേഷം أ، ح، خ، ع، غ، ه അല്ലാത്ത മുകളിൽ സൂചിപ്പിച്ച ഏത് അക്ഷരങ്ങൾ വന്നാലും അവയെ അവ്യക്തമായി മണിച്ച് പാരായണം ചെയ്യണം. ഓരോ അക്ഷരത്തിനുമുള്ള ഉദാഹരണം താഴെ ചേർക്കുന്നു:

| സുകൂൻ ഉള്ള നൂൻ | തൻവീൻ ഉള്ള അക്ഷരങ്ങൾ |
|---|---|
| فَإِذا فَرَغْتَ فَانصَبْ | عَلَيْهِمْ رِيحًا صَرْصَرًا |
| وَلَآ أَدْنَىٰ مِن ذَٰلِكَ | يَتِيمًا ذَا مَقْرَبَةٍ |
| عَلَى الْحِنثِ الْعَظِيمِ | مِنَ الْمُعْصِرَاتِ مَاءً ثَجَّاجًا |
| قَوْمٌ مُّنكَرُونَ | وَرِزْقٌ كَرِيمٌ |
| وَإِذْ أَنجَيْنَٰكُم مِّنْ | فَاصْبِرْ صَبْرًا جَمِيلاً |
| أَنشَأَ جَنَّاتٍ | عَن نَّفْسٍ شَيْئًا |
| وَإِذَا انقَلَبُوا | قَرْيَةً كَانَتْ |
| عَلَّمَ الْإِنسَٰنَ مَالَمْ | رُكَّعًا سُجَّدًا |
| قِنوَانٌ دَانِيَةٌ | مَّالَهُ مِن دَافِعٍ |
| انطَلِقُوا إِلَىٰ | قَوْمٌ طَاغُونَ |
| أُنزِلَ عَلَيْنَا | صَعِيدًا زَلَقًا |
| لَن تَنفَعَكُمْ | أَجْرًا فَهُم |
| إِن كُنتُم | نُورًا تَمْشُونَ |
| وَطَلْحٍ مَّنضُودٍ | مَكَانًا ضَيِّقًا |
| تَنظُرُون | سَحَابٌ ظُلُمَاتٌ |

## ഇഖ്ലാബ് الإقلاب (മറിച്ചോതൽ)

ഒരക്ഷരത്തെ മറ്റൊരക്ഷരമാക്കി മാറ്റുന്നതിനാണ് ഇഖ്ലാബ് എന്നു പറയുന്നത്. സുകൂൻ ഉള്ള നൂനും തൻവീനും വന്ന ശേഷം ബാഅ് بَاء വന്നാൽ അവ രണ്ടിനെയും മീം مِيم ആക്കി മാറ്റി രാഗത്തോടെ ഉച്ചരിക്കണം. ബ എന്ന അക്ഷരത്തെയാണ് ഇഖ്ലാബ് ആക്കി പാരായണം ചെയ്യേണ്ടത്. ഉദാഹരണം: مِن بَاقِيَة ഇവിടെ മി എന്ന വാക്കിനു ശേഷം ചുണ്ടുകളടച്ച് മ മണിക്കണം. അപ്പോൾ ഉച്ചാരണം ഏകദേശം മിമ്പാഖിയ എന്നായി മാറും. കൂടുതൽ ഉദാഹരണം:

| സുകൂൻ ഉള്ള നൂൻ | തൻവീൻ ഉള്ള അക്ഷരങ്ങൾ |
|---|---|
| وَأَعْرَضَ عَن بَعْضٍ | فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ |
| مِنْ بَعْدِ | رَجْعٌ بَعِيدٌ |
| أَنْبَتْنَا | فَتْحًا مُّبِينًا |